# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1536 — 05/02/2019- ൽ മറുപടിയ്ക്ക്

## കീടനാശിനിയുടെ ഉപയോഗം മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) കീടനാശിനിയുടെ അമിത ഉപയോത്തിലൂടെ സമീപകാലത്ത് ഉണ്ടായ അപകടങ്ങൾ ഒഴിവാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നിയമ-ജാഗ്രതാ നടപടികൾ വിവരിക്കാമോ; | (എ) പൊതുജനാരോഗ്യത്തിനും പൊതു ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്നതിനു വേണ്ടി "കീടനാശിനി ഉപയോഗം നിയന്ത്രിക്കു, സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തു" എന്ന സന്ദേശം കർഷകരിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനായി 2019 ജനുവരി 21 മുതൽ 31 വരെ ബോധവല്ക്കരണ ക്യാമ്പയിനുകൾ ജില്ലകൾതോറും നടത്തിയിട്ടുണ്ട്.<br><br>കീടനാശിനികളുടെ വിതരണവും വിൽപ്പനയും ഉപയോഗവും ഗുണനിലവാരവും നിയന്ത്രിക്കുന്നതിനും കീടനാശിനി കൃത്യഅളവിൽ ഉപയോഗിക്കുന്നു എന്നും ഉറപ്പുവരുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ കൃഷി ഓഫീസർമാരും തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ക്രമമായി സന്ദർശിച്ച് കൃഷിയിടങ്ങളിൽ കീടനാശിനികൾ ശുപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നത് പൂർണ്ണമായും നിയന്ത്രിക്കുന്നതിനാണ് പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്.<br><br>കീടനാശിനി പ്രയോഗത്തിൽ പുലർത്തേണ്ട ജാഗ്രത സംബന്ധിച്ചും കീടനാശിനി വിഷബാധയുണ്ടായാൽ ഏറ്റെടുക്കേണ്ട പ്രാഥമിക ചികിത്സ സബന്ധിച്ചും ബോധവൽക്കരണ ക്ളാസുകളിൽ വിശദീകരിക്കുന്നുണ്ട്. കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിനും, സുരക്ഷിതഭക്ഷണം ഉറപ്പ |

വരുത്തുന്നതിനും കർഷകർക്കും പൊതുജനങ്ങൾക്കുമുള്ള നിർദേശങ്ങളടങ്ങിയ ലഘുലേഖകൾ, കീടനാശിനി ഡീലർ അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും വിതരണം നടത്തിവരുന്നു.

(ബി) കാർഷിക മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ചെങ്ങന്നൂർ നിയമസഭാ മണ്ഡലത്തിലെ കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

(ബി) ചെങ്ങന്നൂർ നിയമസഭാ മണ്ഡലത്തിലെ കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതികൾ | തുക ( ലക്ഷം രൂപ) |
|---|---|---|
| 1 | കാർഷിക വിജ്ഞാനവ്യാപനം | 16.3775 |
| 2 | അഗ്രോ സർവ്വീസ് സെന്റർ (സേവനം ലഭ്യമാക്കൽ) | 4.938 |
| 3 | മാർക്കറ്റുകളുടെ വികസനം | 1.44 |
| 4 | സമഗ്ര നെൽകൃഷി വികസനം | 24.371 |
| 5 | മണ്ണ് പരിപോഷണം | 12.0075 |
| 6 | പച്ചക്കറി കൃഷി വികസനം | 65.02954 |
| 7 | കാർഷിക വിളകളുടെ പരിപാലനം | 6.508 |
| 8 | കേര കൃഷിവികസനം (കേര ഗ്രാമം) | 52.2115 |
| 9 | പ്രകൃതിക്ഷോഭം കീടരോഗബാധ അടിയന്തര പ്രവർത്തനം | 72.82901 |
| 10 | ജൈവകൃഷി വ്യാപനം | 8.12 |
| 11 | വിള ഇൻഷുറൻസ് | 13.96075 |
| 12 | പ്രാദേശികാധിഷ്ഠിത വിളകൾ | 2 |
| 13 | ചെളി നീക്കൽ | 14 |
| 14 | ദേശീയ ബയോഗ്യാസ് വികസന പദ്ധതി | 1.169 |

| | | |
|---|---|---|
| 15 | പയറുവർഗ്ഗങ്ങളുടെ വികസനം | 2 |
| 16 | യന്ത്രവത്കരണം | 4.96742 |
| 17 | കാർഷിക സൗജന്യവൈദ്യുതി | 2.5 |
| 18 | കർഷക പെൻഷൻ | 380.194 |
| 19 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം (വെള്ളപ്പൊക്കം) | 84.66724 |
| | **ആകെ** | **769.29046** |

Sd/-

**സെക്ഷൻ ഓഫീസർ**